**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2087** **05-02-2026-ൽ മറുപടിയ്ക്ക്**

**ദുരന്തനിവാരണ പദ്ധതി കാര്യക്ഷമമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. പി. മോഹനൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ ദുരന്തനിവാരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പദ്ധതി (Local Self Government Disaster Management Plan) നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. LSG DM Plan നടപ്പിലാക്കുന്നതിനും പരിഷ്കരിക്കുന്നതിനും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും LSG DM Plan Coordinator മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉന്നതികൾക്കായി ഉന്നതതല ദുരന്ത നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തിരുവനന്തപുരത്ത് 27 സെന്റ് സ്ഥലത്ത് സംസ്ഥാന കാലാവസ്ഥാ വ്യതിയാന, ദുരന്ത പ്രതിരോധ പരിശീലന കേന്ദ്രം (Kerala State Resilience Centre) സ്ഥാപിക്കുവാൻ സ്ഥലം GO(Ms)No. 26/2026/RD dated 19-1-2026 പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ ട്രെയിനിങ് ജില്ലാ തലത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും ദുരന്ത നിവാരണ പദ്ധതിയ്ക്ക് ഊന്നൽ നൽകി നടത്തുവാനും വാർഡ് അടിസ്ഥാനത്തിൽ എമർജൻസി റെസ്പോൺസ് ടീം ശാക്തികരിക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദുരന്ത സാധ്യത കൂടുതൽ ഉള്ള പഞ്ചായത്ത് മുൻസിപ്പാലിറ്റി തലത്തിൽ ആ ദുരന്തം ലഘൂകരിക്കാൻ ഉള്ള നിർദ്ദേശങ്ങൾ കണ്ടെത്താൻ ട്രാൻസ്ക്റ്റ് വാക്ക് ഉൾപ്പടെ നടത്തി ഭാവിയിൽ ദുരന്ത സാധ്യത കുറയ്ക്കാൻ ഉള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ദുരന്ത നിവാരണ പദ്ധതി രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ദുരന്ത ലഘൂകരണ പദ്ധതികൾ അതാത് തദ്ദേശ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും അതിന്റെ പുരോഗതികൾ വിലയിരുത്താനും നിർദേശം നൽകുന്നതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കൂളുകളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുകയും, കാലാവസ്ഥ മുന്നറിയിപ്പുകൾ മനസിലാക്കുവാനും അത് അനുസരിച്ചു പ്രവർത്തനം നടത്താനും ഉള്ള പരിശീലനങ്ങൾ നൽകുന്നതാണ്.

ദുരന്ത നിവാരണ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കാര്യ ക്ഷമമാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ എമർജൻസി റെസ്പോൺസ് ടീമുകൾക്ക് ട്രൈനിംഗുകൾ നൽകിയിട്ടുണ്ട്.

**(ബി)** ദുരന്തനിവാരണ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പദ്ധതി (Local Self Government Disaster Management Plan) നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. LSG DM Plan നടപ്പിലാക്കുന്നതിനും പരിഷ്കരിക്കുന്നതിനും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും LSG DM Plan Coordinator മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉന്നതികൾക്കായി ഉന്നതതല ദുരന്ത നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തിരുവനന്തപുരത്ത് 27 സെന്റ് സ്ഥലത്ത് സംസ്ഥാന കാലാവസ്ഥാ വ്യതിയാന, ദുരന്ത പ്രതിരോധ പരിശീലന കേന്ദ്രം (Kerala State Resilience Centre) സ്ഥാപിക്കുവാൻ സ്ഥലം GO(Ms)No. 26/2026/RD dated 19-1-2026 പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ ട്രെയിനിങ് ജില്ലാ തലത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും ദുരന്ത നിവാരണ പദ്ധതിയ്ക്ക് ഊന്നൽ നൽകി നടത്തുവാനും വാർഡ് അടിസ്ഥാനത്തിൽ എമർജൻസി റെസ്പോൺസ് ടീം ശാക്തികരിക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദുരന്ത സാധ്യത കൂടുതൽ ഉള്ള പഞ്ചായത്ത് മുൻസിപ്പാലിറ്റി തലത്തിൽ ആ ദുരന്തം ലഘൂകരിക്കാൻ ഉള്ള നിർദ്ദേശങ്ങൾ കണ്ടെത്താൻ ട്രാൻസ്‌ക്റ്റ് വാക്ക് ഉൾപ്പടെ നടത്തി ഭാവിയിൽ ദുരന്ത സാധ്യത കുറയ്ക്കാൻ ഉള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ദുരന്ത നിവാരണ പദ്ധതി രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ദുരന്ത ലഘൂകരണ പദ്ധതികൾ അതാത് തദ്ദേശ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും അതിന്റെ പുരോഗതികൾ വിലയിരുത്താനും നിർദേശം നൽകുന്നതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കൂളുകളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുകയും, കാലാവസ്ഥ മുന്നറിയിപ്പുകൾ മനസിലാക്കുവാനും അത് അനുസരിച്ച പ്രവർത്തനം നടത്താനും ഉള്ള പരിശീലനങ്ങൾ നൽകുന്നതാണ്.

ദുരന്ത നിവാരണ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കാര്യ ക്ഷമമാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ എമർജൻസി റെസ്പോൺസ് ടീമുകൾക്ക് ട്രൈനിംഗുകൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**